# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 286 — 22/02/2016-ൽ മറുപടിയ്ക്ക്

## കേര കർഷകരുടെ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, വി.എസ്.സുനിൽ കുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.വി.ശശി.** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നാളികേര കർഷകർ ഉല്പാദന ചെലവുപോലും ലഭിക്കാതെ തെങ്ങുകൃഷി ഉപേക്ഷിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കേരകർഷകരെ സഹായിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2014-15 വർഷം മുതൽ സമഗ്ര നാളികേര കൃഷിവികസന പദ്ധതിയായ 'കേരഗ്രാമം' കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. 2013 ജനുവരി മാസം മുതൽ നടപ്പിലാക്കിയിട്ടുള്ള തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേനയുള്ള നാളികേര സംഭരണ പദ്ധതിയും കേരകർഷകർക്ക് ഗുണകരമാണ്. |
| ബി) സബ്സിഡിയിനത്തിൽ കേര കർഷകർക്ക് ലഭിച്ചിരുന്ന സഹായം ഇപ്പോൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഇപ്രകാരം ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) കേരഫെഡ് മുൻകൈയെടുത്ത് സഹകരണ സംഘങ്ങൾ മുഖേന ന്യായവിലയ്ക്ക് നാളികേരവും കൊപ്രയും സംഭരിച്ചിരുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | സി) സഹകരണ സംഘങ്ങൾ വിമുഖത കാണിക്കുന്നതിനാൽ സഹകരണസംഘങ്ങൾ മുഖേനയുള്ള നാളികേരവും, കൊപ്രയും സംഭരണം ഇപ്പോൾ നിലവിലില്ല. പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |

നാളികേരത്തിന് ന്യായ വില ലഭിക്കുന്നതിനായി കർഷകരിൽ നിന്നും നാളികേരം തെരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി നേരിട്ട് ശേഖരിക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി കൃഷിവകുപ്പും കേരഫെഡും സംയുക്തമായി 2013 ജനുവരി മാസം മുതൽ നടപ്പാക്കിവരുന്നു.

ഡി) വളം, ജലസേചനം, കൂലി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഒരു നാളികേരത്തിന്റെ ഉല്പാദനചെലവ് എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

ഡി) ഉണ്ട്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്കനുസരിച്ച് ഒരു നാളികേരത്തിന്റെ ഉത്പാദന ചെലവ് 6.72 രൂപയാണ്.

ഇ) തെങ്ങ് കൃഷി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇ) ഉണ്ട്.

നാളികേര കൃഷി വികസിപ്പിക്കുന്നതിന് കൃഷിവകുപ്പ് കാലാകാലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2014-15 വർഷം മുതൽ നാളീകേര കൃഷി വികസനത്തിനായി 'കേരഗ്രാമം' എന്ന പദ്ധതി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സംയോജിത വിള പരിപാലന മുറകൾ അവലംബിക്കുന്നതിന് ഹെക്ടറൊന്നിന് 25,000/- രൂപ നിരക്കിൽ 500/- ഹെക്ടറിന് (ഒരു കേര ഗ്രാമം) 125.00 ലക്ഷം രൂപയും തെങ്ങ് കയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് 2000/- രൂപ സബ്സിഡി നിരക്കിൽ 2.00 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ എന്ന കണക്കിൽ 20 ഹെക്ടറിന് 5 ലക്ഷം രൂപയും തെങ്ങിൻ തൈ നഴ്സറി

സ്ഥാപിക്കുന്നതിന് ഒരു നഴ്സറിക്ക് 50,000/- രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് ജൈവവള യൂണിറ്റൊന്നിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 10 എണ്ണത്തിന് ഒരു ലക്ഷം രൂപയും പഞ്ചായത്തുതല കേരസൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപയും പദ്ധതി പ്രവർത്തന ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000/- രൂപയുമുൾപ്പെടെ ഒരു കേരഗ്രാമത്തിന് 143.6 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. 2015-16 വർഷം 30 കേരഗ്രാമങ്ങൾക്കായി 4308.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

കൂടാതെ ഇടുക്കി ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇടുക്കി പാക്കേജ് പദ്ധതി നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി 2-ാം വർഷവും (2015-16) വർഷം നടപ്പിലാക്കി വരുന്നു. ആയതിന് ഹെക്ടറൊന്നിന് 7500/- രൂപ ധനസഹായമായി 805 ഹെക്ടറിന് 60.375 ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**